**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1326** **08-12-2022 - ൽ മറുപടിയ്ക്ക്**

**കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിലെ മൂടാൽ കഞ്ഞിപ്പുര ബൈപ്പാസ് റോഡ് പ്രവൃത്തി പുരോഗതിയിലാണ്. കി.മീ 0/000 മുതൽ 3/600 വരെയുള്ള ഭാഗങ്ങളിൽ സംരക്ഷണഭിത്തി, ഡ്രൈനേജ്, കലുങ്കുകൾ എന്നിവയുടെ നിർമ്മാണങ്ങൾ നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം ഏകദേശം പൂർത്തീകരണ ഘട്ടത്തിലാണ്. ഈ ഭാഗത്ത് ധാരാളം കട്ടിംഗ്, ഫില്ലിംഗ് പ്രവൃത്തികൾ വരുന്നതിനാൽ നിലവിലുള്ള KWA പൈപ്പ് ലൈൻ റോഡ് ഫോർമേഷൻ പ്രവൃത്തിക്ക് തടസ്സമായിട്ട് നിലനിൽക്കുന്നുണ്ട്. മേൽ പൈപ്പുകൾ മാറ്റുന്നതിന് KWA സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 1,93,06,000/- (ഒരു കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി ആറായിരം രൂപ) ആവശ്യമുണ്ട്. മേൽ തുകയ്ക്കുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. തടസ്സമായി നിൽക്കുന്ന പൈപ്പുകൾ മാറ്റിയാലേ റോഡ് ഫോർമേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ റോഡ് പ്രവൃത്തികൾക്കായി അധികഫണ്ടിന് ഭരണാനുമതി ലഭിക്കുന്നതിനായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കി.മീ 3/600 മുതൽ 6/000 വരെ (അമ്പലപറമ്പ് മുതൽ കഞ്ഞിപ്പുര) വരെയുള്ള ഭാഗത്ത് GSB, WMM പ്രവൃത്തി ഏകദേശം പൂർത്തീകരിച്ചതാണ്. മേൽ ഭാഗത്ത് CGPS ടാറിംഗ് പ്രവൃത്തി ചെയ്യുന്നതിനായി കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണം സംബന്ധിച്ച് പുതുക്കിയ ഭരണാനുമതിയ്ക്കായി സമർപ്പിച്ച പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | മൂടാൽ കഞ്ഞിപ്പുര ബൈപ്പാസ് റോഡ് പ്രവൃത്തിക്കായി ആവശ്യമുള്ള അധിക ഫണ്ടിനായി ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ച് ചില വ്യവസ്ഥകൾക്ക് വിധേയമായി റീവർക്ക് ചെയ്യുന്നതിന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് നിലവിൽ തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട യൂട്ടിലിറ്റി ഷിഫ്റ്റിംഗ് മാറ്റുന്നതിനായി സമർപ്പിച്ച ഒരു കോടി 93 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | ലഭിച്ചിട്ടുണ്ട്. സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിലുള്ള പി.ഡബ്ല്യു.ഡി.–ജി3/91/2022-പി.ഡബ്ല്യു.ഡി. നമ്പർ ഫയലിൽ അടിയന്തര നടപടി സ്വീകരിക്കുമോ; | (ഡി) | ലഭിച്ചിട്ടുണ്ട്. സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഇ) | കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് അടിയന്തരമായി പൂർത്തികരിച്ച് ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) | യൂട്ടിലിറ്റി ഷിഫ്റ്റിംഗിനും, അധിക റോഡ് പ്രവൃത്തികൾക്കുമുള്ള പ്രൊപ്പോസലുകൾക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു |

സെക്ഷൻ ഓഫീസർ